# മഹാത്മാഗാന്ധി സർവ്വകലാശാല

## 'കനിവോ'ടെ എം.ജി.; മൂന്ന് മണിക്കൂറിനുള്ളിൽ 327 പ്രളയബാധിതർക്ക് സർട്ടിഫിക്കറ്റ്

**പ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ വീണ്ടും അവസരം നൽകും: പ്രൊഫ. സാബു തോമസ്**

പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ട 327 പേർക്ക് മൂന്നു മണിക്കൂർ കൊണ്ട് അവ ലഭ്യമാക്കി മഹാത്മാ ഗാന്ധി സർവകലാശാല. പ്രീഡിഗ്രി മാർക്ക് ലിസ്റ്റുകൾ മുതൽ ബിരുദ - ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകൾ വരെയാണ് പലർക്കും പ്രളയത്തിൽ നഷ്ടപ്പെട്ടത്. ഓൺലൈനായി സെപ്റ്റംബർ 19 വരെ അപേക്ഷിച്ചവർക്കാണ് 'കനിവ് 2018' അദാലത്തിലൂടെ അതിവേഗം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയത്. സർവകലാശാലാ അസംബ്ലിഹാളിൽ നടന്ന അദാലത്ത് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിന് അപേക്ഷിക്കാൻ വീണ്ടും അവസരം നൽകുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. മാള കുമ്പിടി അന്നമനടയിൽ പി.ജെ. മിനിക്ക് പ്രളയത്തിൽ നഷ്ടമായ ബി.കോം, എം.എസ്.ഡബ്ല്യു. സർട്ടിഫിക്കറ്റുകൾ നൽകിയാണ് അദാലത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവ്വഹിച്ചത്.

സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കാൻ എല്ലാ സഹായവും സർവകലാശാല നൽകും. കുറഞ്ഞ സമയംകൊണ്ട് കൂട്ടായ യത്നത്തിലൂടെ 327 പേർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിഞ്ഞു. സർവകലാശാലാ പോർട്ടൽ വഴി അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്ക് വീണ്ടും അവസരം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. 284 പേർക്ക് അദാലത്തിലൂടെ ഉടൻ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും ലഭ്യമാക്കി. അദാലത്ത് പരിഗണിച്ച 43 അപേക്ഷകൾ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള തുടർനടപടികൾക്കായി മാറ്റി.

സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ എം.ആർ. ഉണ്ണി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.